# ഖുർആൻ ബോധനം

എ.വൈ.ആർ

636

സൂറ-15

# അൽ ഹിജ്ർ

إِنَّ ٱلْمُتَّقِينَ فِى جَنَّٰتٍ وَعُيُونٍ ﴿٤٥﴾

ٱدْخُلُوهَا بِسَلَٰمٍ ءَامِنِينَ ﴿٤٦﴾

وَنَزَعْنَا مَا فِى صُدُورِهِم مِّنْ غِلٍّ إِخْوَٰنًا عَلَىٰ سُرُرٍ مُّتَقَٰبِلِينَ ﴿٤٧﴾

لَا يَمَسُّهُمْ فِيهَا نَصَبٌ وَمَا هُم مِّنْهَا بِمُخْرَجِينَ ﴿٤٨﴾

نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ﴿٤٩﴾

وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ ﴿٥٠﴾

**45** ഇഹലോകത്ത് അല്ലാഹുവിനോടു ഭയഭക്തിയുള്ളവരായി ജീവിച്ചവരോ, പരലോകത്ത് ബഹുവിധ സ്രോതസ്സുകളുള്ള ആരാമങ്ങളിൽ വസിക്കുന്നു.

**46** 'സമാധാനത്തോടെ നിർഭയരായി പ്രവേശിച്ചുകൊള്ളുവിൻ' എന്ന് അതിൽ അവർ സ്വാഗതം ചെയ്യപ്പെടുന്നു.

**47** അവരുടെ മനസ്സുകളിലുണ്ടായേക്കാവുന്ന കന്മഷങ്ങളെ നാം ഊരിക്കളയും. അവർ പരസ്പരം സഹോദരങ്ങളായി മഞ്ചങ്ങളിൽ മുഖാമുഖം ഉപവിഷ്ടരാകും.

**48** അതിലവരെ ക്ഷീണം സ്പർശിക്കുകയേയില്ല. അവർ അവിടെനിന്ന് പുറത്താക്കപ്പെടുന്നവരുമല്ല.

**49** പ്രവാചകൻ എന്റെ ദാസന്മാരെ ഉണർത്തുക. ഞാൻ ഏറെ പൊറുക്കുന്നവനും കരുണാമയനും തന്നെയാകുന്നു.

**50** അതോടൊപ്പം എന്റെ ശിക്ഷയോ, അതു നോവേറിയ ശിക്ഷയുമാകുന്നു.

إِنَّ ٱلْمُتَّقِينَ= ഭക്തന്മാർ(ഇഹലോകത്ത് അല്ലാഹുവിനോടു ഭയഭക്തിയുള്ളവരായി ജീവിച്ചവർ)

فِى جَنَّٰتٍ= ആരാമങ്ങളിൽ(വസിക്കുന്നു) ആകുന്നു وَعُيُونٍ= ഉറവകളിലും(ബഹുവിധ സ്രോതസ്സുകളുള്ള)

ٱدْخُلُوهَا= (അവർ സ്വാഗതം ചെയ്യപ്പെടുന്നു)അതിൽ പ്രവേശിച്ചുകൊള്ളുവിൻ(എന്ന്)

بِسَلَٰمٍ= സമാധാനത്തോടെ ءَامِنِينَ= നിർഭയരായി وَنَزَعْنَا= നാം ഊരി(ക്കളയും)

مَا فِى صُدُورِهِم= അവരുടെ മനസ്സുകളിൽ ഉള്ള(ഉണ്ടായേക്കാവുന്ന)തിനെ مِّنْ غِلٍّ= കന്മഷ(ങ്ങൾ)ത്താൽ

إِخْوَٰنًا= സഹോദരന്മാർ ആയ നിലയിൽ(അവർ ഉപവിഷ്ടരാകുന്നു) عَلَىٰ سُرُرٍ= മഞ്ചങ്ങളിൽ مُّتَقَٰبِلِينَ= പരസ്പരം അഭിമുഖമായി

لَا يَمَسُّهُمْ= അവരെ സ്പർശിക്കുകയേയില്ല فِيهَا= അവിടെ نَصَبٌ= ക്ഷീണം وَمَا هُم= അവർ അല്ല مِّنْهَا= അതിൽനിന്ന്

بِمُخْرَجِينَ= പുറത്താക്കപ്പെടുന്നവർ نَبِّئْ= നീ(പ്രവാചകൻ) അറിയിക്കുക, ഉണർത്തുക عِبَادِىٓ= എന്റെ ദാസന്മാരെ

أَنِّىٓ= എന്തെന്നാൽ ഞാൻ أَنَا ٱلْغَفُورُ= ഏറെ പൊറുക്കുന്നവൻ തന്നെയാകുന്നു

ٱلرَّحِيمُ= ഏറെ കരുണാമയനായ(യനും തന്നെയാകുന്നു) وَأَنَّ عَذَابِى= (എന്നാൽ അതോടൊപ്പം)എന്റെ ശിക്ഷ(യോ)

هُوَ= അത് ٱلْعَذَابُ ٱلْأَلِيمُ= നോവേറിയ ശിക്ഷയുമാകുന്നു

**45–48:** ഇബ്‌ലീസിനെ പിൻപറ്റിയ മനുഷ്യരുടെ ദുർഭഗമായ പര്യവസാനം പറഞ്ഞശേഷം ഇബ്‌ലീസിന്റെ സ്വാധീനത്തിലകപ്പെടാതെ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കുകയും ചെയ്തവരുടെ സൽഗതിയെക്കുറിച്ചുണർത്തുകയാണ്. ഇബ്‌ലീസിന്റെ അനുയായികൾ നരകത്തിൽ എരിയുമ്പോൾ ദൈവഭക്തന്മാർ സൗന്ദര്യവും സൗഖ്യവും നിറഞ്ഞ സ്വർഗീയാരാമങ്ങളിൽ വാഴുകയായിരിക്കും. സ്വർഗീയാരാമങ്ങളെ ഖുർആൻ പലവിധത്തിൽ വർണിച്ചിട്ടുണ്ട്. ഇവിടെ എടുത്തുപറയുന്നത് അതിലെ പാനീയ സ്രോതസ്സുകളെയാണ്. സൂറ *മുഹമ്മദിൽ* ആ ഉറവകളെ വിശദീകരിക്കുന്നതിങ്ങനെയാണ്.

مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ فِيهَآ أَنْهَٰرٌ مِّن مَّآءٍ غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ وَأَنْهَٰرٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ

(ദൈവഭക്തന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗത്തിന്റെ ഉദാഹരണം. അതിൽ കലർപ്പറ്റ തെളിനീരൊഴുകും നദികളുണ്ട്. രുചിഭേദം വരാത്ത പാലാറുകളുണ്ട്. കുടിക്കുന്നവർക്ക് സ്വാദിഷ്ടമായ മദ്യപ്പുഴകളുണ്ട്. ശുദ്ധമായ തേനരുവികളുണ്ട്. അവിടെ സകലയിനം പഴങ്ങളുമുണ്ടായിരിക്കും. അവരുടെ വിധാതാവിങ്കൽനിന്നുള്ള പാപമുക്തിയും – 47:15)

സജ്ജനങ്ങളെ സംബന്ധിച്ചേടത്തോളം സ്വർഗം നേരത്തെ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള അവകാശമാണ്. അതിലവർ വലിഞ്ഞുകയറി ചെല്ലുന്നവരല്ല. താൽക്കാലികാതിഥികളുമല്ല. സമാധാനപൂർവം എന്നെന്നും വസിക്കുന്ന അവകാശികളായിത്തന്നെ അവർ സ്വാഗതം ചെയ്യപ്പെടുന്നു. ٱدْخُلُوهَا بِسَلَٰمٍ ءَامِنِينَ എന്ന സ്വാഗതവാക്യത്തിലെ سَلَٰمٍ സ്വർഗത്തിലെ സുഖസൗകര്യങ്ങളെയും ءَامِنِينَ നിത്യതയെയും സൂചിപ്പിക്കുന്നുവെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. മരിച്ചുപോകുമെന്നോ എന്നെങ്കിലും സ്വർഗം ഒഴിഞ്ഞുകൊടുക്കേണ്ടിവരുമെന്നോ അതിലെ അനുഗ്രഹങ്ങൾ കാലാന്തരേണ ക്ഷയിച്ചുപോകുമെന്നോ ഉള്ള ഭയത്തിൽനിന്ന് മുക്തരായവർ എന്നാണ് ءَامِنِينَ ന്റെ താൽപര്യം. യാതൊരുവിധത്തിലുള്ള ആധിയോ വ്യാധിയോ ഉത്കണ്ഠയോ സംത്രാസമോ സ്വർഗസ്ഥരെ ബാധിക്കുന്നില്ല. ഇഹലോകത്ത് ചിലരോടവർക്ക് നീരസമുണ്ടായിരിക്കാം. ചിലരോട് അസൂയയുണ്ടായിരിക്കാം. ചിലരോട് ശത്രുത തോന്നിയിരിക്കാം. പരലോകത്തെത്തുമ്പോൾ ഇത്തരം കന്മഷങ്ങളെല്ലാം മനസ്സിൽനിന്ന് നീങ്ങിപ്പോയിട്ടുണ്ടാവും. അവയൊക്കെ അല്ലാഹു ഊരിക്കളയും –نَزَعْنَا– എന്നാണ് പറയുന്നത്. അതായത് അതൊക്കെ തൽക്കാലം മറക്കുകയോ മറച്ചുവെക്കുകയോ അല്ല; വേരോടെ പിഴുതുകളയപ്പെടുകയാണ്. പിന്നെ ശത്രുമിത്രഭേദമില്ലാതെ സ്വർഗസ്ഥരെല്ലാവരും സഹോദരങ്ങളായിത്തീരുന്നു. ആർക്കും ആരോടും ഒരു വൈമുഖ്യവുമില്ല. മുമ്പിലും പിമ്പിലുമായിട്ടല്ല അവർ ഇരിക്കുക; മുഖാമുഖമായിട്ടാകുന്നു. മുന്നിലും പിന്നിലുമായിട്ടിരിക്കുമ്പോൾ മുന്നിലിരിക്കുന്നയാളുടെ പിന്നാമ്പുറമാണ് പിന്നിലിരിക്കുന്നവൻ കാണുന്നത്. അതിൽ അന്യത്വത്തിന്റെയും അപരിചിതത്വത്തിന്റെയും ഛായയുണ്ട്. മുഖത്തോടു മുഖമുള്ള ഇരുപ്പിൽ പരിചയത്തിന്റെയും തെളിഞ്ഞ സൗഹൃദങ്ങളുടെയും ചൈതന്യമാണുള്ളത്. മനസ്സ് സകലവിധ കന്മഷങ്ങളിൽനിന്നും മുക്തമാകുന്നതിന്റെ ഫലമാണത്. അപ്പോൾ ആരും ആരിലും വിമുഖരാകുന്നില്ല. കാണുന്നവരെല്ലാം സ്വന്തക്കാരും ബന്ധുക്കളും ആത്മമിത്രങ്ങളുമാകുന്നു. സ്വർഗത്തിന് പല തട്ടുകളുണ്ട്. جَنَّٰتٍ എന്ന ബഹുവചനത്തിൽ തന്നെ അതിന്റെ സൂചനയുണ്ട്. സൂറ *അർറഹ്മാനിൽ* പറയുന്നു. وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ നാഥന്റെ മുന്നിൽ നിൽക്കേണ്ടിവരുമെന്ന ഭയപ്പെട്ടവർക്ക് രണ്ടു സ്വർഗമുണ്ട് وَمِن دُونِهِمَا جَنَّتَانِ അതിനു താഴെയും രണ്ടു സ്വർഗമുണ്ട്.

നരകത്തിന്റെ പലതട്ടുകൾ പോലെ സ്വർഗത്തിന്റെ പലതട്ടുകളും പലർക്കായി നിശ്ചയിക്കപ്പെട്ടതായിരിക്കും. എന്നാൽ ഉയർന്ന സ്വർഗം ലഭിച്ചവർക്ക് അതിനു താഴെ പടിയിലുള്ളവരോട് നിന്ദയോ താഴെ പടിയിലുള്ളവർക്ക് ഉയർന്ന പടിയിലുള്ളവരോട് അസൂയയോ ഉണ്ടാകുന്നില്ല. ഓരോ വിഭാഗവും അവരവർക്ക് ലഭിച്ചതിൽ പൂർണ സംതൃപ്തരും സന്തുഷ്ടരുമായിരിക്കും. നബി(സ) പ്രസ്താവിച്ചതായി അബൂസഈദുൽ ഖുദ്‌രി ഉദ്ധരിക്കുന്നു: "സത്യവിശ്വാസികൾ നരകത്തിൽനിന്ന് രക്ഷപ്പെട്ടാൽ സ്വർഗത്തിനും നരകത്തിനുമിടക്കുള്ള ഒരു പാലത്തിൽ തടയപ്പെടും. അവിടെവെച്ച് ഇഹലോകത്ത് അവർക്കിടയിലുണ്ടായ അതിക്രമങ്ങളുടെ പ്രതിക്രിയകൾ നിർവഹിക്കപ്പെടും. അങ്ങനെ സംസ്കരിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തു കഴിഞ്ഞാൽ അവർക്ക് സ്വർഗപ്രവേശനത്തിന് അനുമതി ലഭിക്കുന്നു." അബീഹുബൈബഃ നിവേദനം ചെയ്തതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: ഇംറാൻ ബിൻ ത്വൽഹ ജമൽ പടയിൽ നിന്നു പിരിഞ്ഞ ശേഷം അലി(റ)യെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് അലി(റ) പറഞ്ഞു: "അവരുടെ മനസ്സുകളിലുള്ള കന്മഷങ്ങളെ നാം ഊരിക്കളയുകയും അവർ പരസ്പരം സഹോദരങ്ങളായി മഞ്ചങ്ങളിൽ മുഖാമുഖം ഉപവിഷ്ടരാവുകയും ചെയ്യും എന്ന് ഖുർആൻ വിശേഷിപ്പിച്ചവരുടെ കൂട്ടത്തിൽ അല്ലാഹു എന്നെയും താങ്കളുടെ പിതാവിനെയും ഉൾപ്പെടുത്തുമെന്ന് ഞാനാശിക്കുന്നു." അടുത്തുണ്ടായിരുന്ന രണ്ടുപേർ ഇതുകേട്ടപ്പോൾ പറഞ്ഞു: "അല്ലാഹു അതിലേറെ നീതിമാനാണ്. ഇന്നലെ നിങ്ങളവരോട് യുദ്ധം ചെയ്യുക; പിന്നീട് നിങ്ങൾ സഹോദരങ്ങളായിത്തീരുകയും ചെയ്യുകയോ?" അലി പറഞ്ഞു: "രണ്ടുപേരും കടന്നുപോകൂ. ഞാനും ത്വൽഹയും അങ്ങനെ ആയിട്ടില്ലെങ്കിൽ പിന്നെ ആരാണങ്ങനെ ആവുക?"

സഭകളിൽ ഒത്തുകൂടുന്നവർ പരസ്പരം അഭിമുഖീകരിക്കാനും സംസാരിക്കാനും മടിക്കുന്നത് അവരുടെ മനസ്സുകളിലെ കന്മഷത്തിന്റെയോ പോരിന്റെയോ നീരസങ്ങളുടെയോ നിന്ദയുടെയോ സൂചകമാണെന്ന് ഈ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് ചില വ്യാഖ്യാതാക്കൾ സൂചിപ്പിച്ചിട്ടുണ്ട്. സജ്ജനമനസ്സുകളിൽ സാധാരണഗതിയിൽ അസൂയയും പോരും പരനിന്ദയും ഉണ്ടാകുന്നില്ല. അഭിപ്രായ വ്യത്യാസങ്ങൾ കാരണമായോ തെറ്റുധാരണകൾ മൂലമോ ചിലപ്പോൾ അങ്ങനെ ഉണ്ടായിക്കൂടെന്നില്ലെന്നുമാത്രം. യാഥാർഥ്യം ബോധ്യപ്പെടുന്നമുറക്ക് അതവർ സ്വയംതന്നെ തുടച്ചു നീക്കും. യാഥാർഥ്യം വെളിപ്പെടാത്തതുകൊണ്ടോ മറ്റോ വല്ലതും അവശേഷിച്ചിട്ടുണ്ടെങ്കിൽ, സ്വർഗപ്രവേശനത്തിന് മുമ്പ് അല്ലാഹു അതു പറിച്ചുകളയുന്നതാണ്.

ഒരു സംഗതിയിൽ ക്ഷീണവും ക്ലേശവുമുണ്ടാകുന്നതിനെയും മടുപ്പും മുഷിപ്പുണ്ടാകുന്നതിനെയും കുറിക്കുന്ന പദമാണ് نصب. ഇതിന്റെ ക്രിയ نَصِبَ (മുഷിഞ്ഞു, ക്ഷീണിച്ചു)യാണ്. لَا يَمَسُّهُمْ فِيهَا نَصَبٌ ലെ نصب രണ്ട് അർഥങ്ങളെയും വഹിക്കു

ന്നു. അതായത്, അവിടെ അവര്‍ ക്ലേശകരമായ ജോലികളൊന്നും ചെയ്യേണ്ടി വരുന്നില്ല. അവരെ ക്ലേശിപ്പിക്കുകയോ ക്ഷീണിപ്പിക്കുകയോ ചെയ്യുന്ന മറ്റു കാര്യങ്ങളുമില്ല. എത്രസുഖസൗകര്യങ്ങള്‍ നിറഞ്ഞ ജീവിതമായാലും പുതുമകളും വൈവിധ്യങ്ങളും പരിവര്‍ത്തനങ്ങളുമില്ലെങ്കില്‍ മനുഷ്യന് മടുപ്പും മുഷിപ്പും തോന്നും. ഈ അവസ്ഥ സ്വര്‍ഗസ്ഥര്‍ ഒരിക്കലും നേരിടേണ്ടി വരില്ല. അവരാഗ്രഹിക്കുന്നതെന്തും അവരുടേതാകുന്നു- وَلَهُم فِيهَا مَا يَشْتَهُون എന്നു പറഞ്ഞതില്‍ അത്തരം പുതുമകളും പരിവര്‍ത്തനങ്ങളും കൂടി ഉള്‍പ്പെടുന്നതാണ്. ഒരു സംഗതിയിലുള്ള രസവും താല്‍പര്യവും ഇല്ലാതാകുന്ന അവസ്ഥയാണ് മടുപ്പും മുഷിപ്പും. സ്വര്‍ഗവാസികള്‍ക്ക് സുഖസൗകര്യങ്ങളില്‍ മുഷിപ്പനുഭവപ്പെടാതിരിക്കുന്നത് ഒന്നുകില്‍ അതില്‍ നിരന്തരം മാറ്റങ്ങളും പുതുമകളും ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടാവാം. അല്ലെങ്കില്‍ അവരുടെ പ്രകൃതി അവരനുഭവിക്കുന്ന സുഖസൗകര്യങ്ങളില്‍ മടുപ്പില്ലാത്തതായി മാറുന്നതുകൊണ്ടാവാം.

നിത്യജീവിതത്തിന്റെ സുവിശേഷമാണ് وَمَا هُم مِّنْهَا بِمُخْرَجِينَ എന്നവാക്യം. ഏതു സുഖജീവിതവും താല്‍കാലികവും നശ്വരവുമാണെങ്കില്‍ അതില്‍ ആശങ്കയുടെയും ഉത്കണ്ഠയുടെയും കാലുഷ്യമുണ്ടായിരിക്കും. സുഖാഡംബരങ്ങള്‍ എത്രത്തോളം വര്‍ധിക്കുന്നുവോ അത്രത്തോളം ഈ ഉത്കണ്ഠയും വര്‍ധിച്ചുകൊണ്ടിരിക്കും. ആ നിലക്ക് സ്വര്‍ഗവാസികള്‍ ഈ ഉത്കണ്ഠയില്‍നിന്നു തികച്ചും സുരക്ഷിതരായിരിക്കും എന്ന അറിയിപ്പ് ഏറ്റവും വലിയ സുവിശേഷമാണ്. അവര്‍ക്ക് ലഭിച്ചതൊന്നും പിന്നീട് വിലക്കപ്പെടുന്നില്ല. അവര്‍ ഒരിക്കലും അവിടെ നിന്ന് പുറത്താക്കപ്പെടുകയുമില്ല. സംഘര്‍ഷങ്ങളില്‍നിന്നും കന്മഷങ്ങളില്‍ നിന്നും ഭയങ്ങളില്‍നിന്നും ഉത്കണ്ഠകളില്‍ നിന്നുമെല്ലാം പൂര്‍ണമുക്തമാകുന്ന അവസ്ഥയാണ് നിത്യശാന്തിയും പരമാനന്ദവും.

**49,50:** ഈ സൂക്തങ്ങള്‍, തുടര്‍ന്നു പറയാന്‍ പോകുന്ന കഥയുടെ ആമുഖവും അതുള്‍ക്കൊള്ളുന്ന പ്രധാന ഗുണപാഠവുമാകുന്നു. അല്ലാഹു പ്രവാചകനിലൂടെ മനുഷ്യരെ ഉണര്‍ത്തുകയാണ്. ഈ ലോകത്ത് സജ്ജനങ്ങള്‍ക്കും ദുര്‍ജനങ്ങള്‍ക്കും ഒരുപോലെ ജീവിതസൗകര്യങ്ങള്‍ നല്‍കുന്നുണ്ട്. ഇതുകണ്ട് അല്ലാഹുവിന്റെ ദൃഷ്ടിയില്‍ ഈ രണ്ടു കൂട്ടരും തുല്യരാണെന്നും രണ്ടു കൂട്ടരുടെയും പരിണതി ഒന്നായിരിക്കുമെന്നും ആരും തെറ്റുദ്ധരിക്കേണ്ട. അല്ലാഹു അവന്റെ ദാസന്മാരോട് അപാരമായ കൃപയും കാരുണ്യവുമുള്ളവന്‍ തന്നെ. കണക്കറ്റ അനുഗ്രഹങ്ങള്‍ അവന്‍ മനുഷ്യര്‍ക്ക് ചൊരിഞ്ഞുകൊടുക്കുന്നുണ്ട്. ചിലരെ യാതനകള്‍ കൊണ്ടും വേദനകള്‍ കൊണ്ടും പരീക്ഷിക്കുന്നു. ചിലരെ സുഖം കൊണ്ടും സൗഭാഗ്യങ്ങള്‍കൊണ്ടും പരീക്ഷിക്കുന്നു. ഉയിര്‍ത്തെഴുന്നേല്‍പുനാളിലാണ് ഈ പരീക്ഷയുടെ ഫലംപ്രഖ്യാപിക്കുക. തോറ്റവര്‍ക്കു നരകവും ജയിച്ചവര്‍ക്ക് സ്വര്‍ഗവുമാണ് വിധിക്കുക.

തന്റെ ദാസന്മാരുടെ പാപകൃത്യങ്ങളും ധിക്കാരങ്ങളും പൊറുക്കാവുന്നിടത്തോളം അവന്‍ പൊറുത്തുകൊടുക്കും. അതുകൊണ്ട് നേരത്തെ പാപപങ്കിലരായി ജീവിച്ചവര്‍ നിരാശപ്പെടേണ്ടതില്ല. തുടര്‍ന്നുള്ള ജീവിതത്തില്‍ പാപങ്ങള്‍ വര്‍ജിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കില്‍ കഴിഞ്ഞു പോയതെല്ലാം അല്ലാഹു മാപ്പാക്കും. അവന്റെ കാരുണ്യത്താല്‍ സ്വര്‍ഗപ്രവേശനമരുളുകയും ചെയ്യും. എന്നാല്‍ പാപത്തിലും പൈശാചികതയിലും ശഠിച്ചു നിന്നവര്‍ അതിന്റെ ഫലം അനുഭവിക്കേണ്ടതായിത്തന്നെവരും. ഇഹത്തിലായാലും പരത്തിലായാലും അല്ലാഹു ശിക്ഷിക്കുകയാണെങ്കില്‍ അത് വളരെ നോവേറിയ ദണ്ഡനം തന്നെയായിരിക്കും. അല്ലാഹുവിന്റെ ദയാദാക്ഷിണ്യത്തെയും അടിമകള്‍ അവന്റെ ദൗര്‍ബല്യമായി കണ്ട് ചൂഷണം ചെയ്യാമെന്ന് വ്യാമോഹിക്കേണ്ട.

ഈ സൂക്തങ്ങളില്‍ സൂക്ഷ്മമായ നാലു സംഗതികളുള്ളതായി ഇമാം റാസി ചൂണ്ടിക്കാണിച്ചിരിക്കുന്നു. 1) മനുഷ്യരെ എന്റെ ദാസന്മാര്‍ عبادي എന്ന് അല്ലാഹുവിലേക്ക് ചേര്‍ത്തു പറഞ്ഞതിലൂടെ മനുഷ്യന്റെ മഹത്വവും ആദരണീയതയും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 2) പാപമോചനത്തിനും കാരുണ്യത്തിനും المغفرة والرّحمة മൂന്നു വിധത്തില്‍ ഊന്നല്‍ നല്‍കിയിരിക്കുന്നു. أنّي–أنَا–ال എന്നിവയാണത്. എന്നാല്‍ ശിക്ഷയെ പരാമര്‍ശിച്ചപ്പോള്‍ അതിന് ഊന്നല്‍- توكيد -നല്‍കുകയോ തന്റെ ഗുണമായി പറയുകയോ ചെയ്തില്ല. എന്റെ ശിക്ഷ എന്നേ പറഞ്ഞുള്ളൂ. 3) ഈ സന്ദേശം ജനങ്ങളെ ഉണര്‍ത്താന്‍ നബി(സ)യോട് കല്‍പിച്ചത്, മാപ്പിലും കാരുണ്യത്തിലുമുള്ള തന്റെ വിട്ടുപിരിയാത്ത താല്‍പര്യത്തിന് അദ്ദേഹത്തെ സാക്ഷിയാക്കിയതുപോലെയാണ്. 4) نَبِّئْ عِبَادِيْ യുടെ അര്‍ഥം എന്നോടുള്ള ദാസ്യവും അടിമത്വവും സമ്മതിക്കുന്ന ഓരോരുത്തര്‍ക്കും പറഞ്ഞുകൊടുക്കുക എന്നാണ്. അനുസരിക്കുന്ന വിശ്വാസിയും ധിക്കരിക്കുന്ന വിശ്വാസിയും അതില്‍ ഉള്‍പ്പെടുന്നു. അല്ലാഹുവില്‍ കാരുണ്യവും അനുഗ്രഹവുമാണ് മികച്ചു നില്‍ക്കുന്നതെന്നാണതെല്ലാം കുറിക്കുന്നത്. ■